# സപര്യ പദ്ധതി
# ടൂറിസത്തിലൂടെ
# നാടിന്റെ സമഗ്രവികസനം

## സപര്യ - ഒരു ആമുഖം

സഞ്ചാരികളുടെ പറുദീസയായാണ് കേരളം അറിയപ്പെടുന്നത്. കേരളത്തിലേക്കുള്ള സഞ്ചാരികളുടെ എണ്ണം ഓരോ വർഷവും വർധിച്ചു കൊണ്ടുമിരിക്കുന്നു.

കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ ടൂറിസം മേഖല കൈവരിച്ച വളർച്ച അദ്ഭുതകരമാണ്. ഒരു പക്ഷേ ഈ കാലയളവിൽ കേരളത്തിൽ ഏറ്റവും പുരോഗതി നേടിയ മേഖലയും ടൂറിസമാണ്. പതിനഞ്ചു ലക്ഷത്തോളം പേർ ഇന്ന് ടൂറിസത്തെ ആശ്രയിച്ചു ജീവിക്കുന്നു. ആയിരക്കണക്കിനു കോടി രൂപയുടെ വരുമാനവും ഈ രംഗത്തു നിന്നുണ്ടാകുന്നുണ്ട്.

കേരളത്തിന്റെ മനോഹരങ്ങളായ കടൽത്തീരങ്ങളും കായലുകളും പച്ചപുതച്ച മലനിരകളുമാണ് ലോകമെങ്ങുമുള്ള സഞ്ചാരികളെ പ്രധാനമായും ഇവിടേക്ക് ആകർഷിക്കുന്നത്. കോവളവും തേക്കടിയും മൂന്നാറും കുമരകവും കായലുകളും ഇന്നു ലോകപ്രസിദ്ധമാണ്. കൂടാതെ പുതിയ ടൂറിസം കേന്ദ്രങ്ങൾ വളർന്നു വന്നുകൊണ്ടുമിരിക്കുന്നു.

അതേസമയം, കേരളത്തിന്റെ ഓരോ ഇഞ്ചു ഭൂമിയും സഞ്ചാരികളെ ആകർഷിക്കാൻ പര്യാപ്തമാണ്. പ്രകൃതി രമണീയതയ്ക്കപ്പുറം നമ്മുടെ പരമ്പരാഗത ജീവിതശൈലിയും സാസ്കാരിക പൈതൃകവും കലാരൂപങ്ങളും കൃഷിരീതികളും ചരിത്രസ്മാരകങ്ങളുമെല്ലാം സഞ്ചാരികൾക്കു മുമ്പിലേക്ക് എത്തിക്കാവുന്നവയാണ്. ആയുർവേദത്തെ ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഉപയോഗിക്കുവാൻ നമുക്കു സാധിച്ചു. അതുപോലെ നമുക്കു ചുറ്റുമുള്ളതെല്ലാം സഞ്ചാരികൾക്ക് പ്രിയങ്കരമാകുന്ന അനുഭവങ്ങളാകുമെന്നതിൽ സംശയമില്ല. ടൂറിസത്തിൽ കേരളത്തിനുള്ള ഈ സാധ്യത പ്രയോജനപ്പെടുത്താനാണ് സംസ്ഥാന ടൂറിസം വകുപ്പ് സപര്യ പദ്ധതിയിലൂടെ ശ്രമിക്കുന്നത്.

## സപര്യ എന്നാൽ

ഒരു പ്രദേശത്തിന്റെ ടൂറിസം സാധ്യതകളും വിഭവങ്ങളും കണ്ടെത്തി വികസിപ്പിക്കുന്നതിലൂടെ പ്രദേശത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമമായി സപര്യയെ വിശേഷിപ്പിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ നാടിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുന്നതിനൊപ്പം നാട്ടുകാരുടെ സാമ്പത്തിക നിലയും മെച്ചപ്പെടുന്നു.

വിനോദസഞ്ചാര മേഖലയെ ജനകീയവത്കരിച്ചു കൊണ്ട് പ്രാദേശിക വികസനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയാണ് സപര്യ. നാടിന്റെ കല, സംസ്കാരം, പൈതൃകം, പരമ്പരാഗത തൊഴിലുകൾ, ജീവിതരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, ആരാധനാക്രമങ്ങൾ, ഉത്സവങ്ങൾ എന്നിവയെല്ലാം തനതുരൂപങ്ങളിൽ സംരക്ഷിച്ചു കൊണ്ട് അവയെ പരിപോഷിപ്പിക്കുവാനും നിലനിർത്തുവാനും സപര്യ ലക്ഷ്യമിടുന്നു. ഒപ്പം ടൂറിസവുമായി ഇവയെ ബന്ധിപ്പിക്കുക വഴി സഞ്ചാരികൾക്ക് പുത്തൻ അനുഭവങ്ങൾ സമ്മാനിക്കുവാനും അതുവഴി തദ്ദേശവാസികളുടെ വരുമാനം വർധിപ്പിക്കുവാനും സാധിക്കുന്നു. ഗ്രാമവിശുദ്ധിയും നാടിന്റെ സംസ്കാരവും സംരക്ഷിച്ചുകൊണ്ടുള്ള അടിസ്ഥാനസൗകര്യ വികസനം സാധ്യമാക്കുവാനും സപര്യ പദ്ധതി വിഭാവനം ചെയ്യുന്നു.

kerala
God's Own Country

TRKL
TOURIST RESORTS (KERALA) LTD
(A Government of Kerala Undertaking)
Building God's Own Country

## സപര്യ നടപ്പാക്കുമ്പോൾ

സപര്യ പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ ടൂറിസം വികസന സാധ്യത കണ്ടെത്തുന്നതിനുള്ള വിഭവ വിവരശേഖരണം നടത്തുന്നതാണ് ആദ്യപടി. പ്രകൃതി, സംസ്കാരം, പരമ്പരാഗത ജീവിതശൈലികൾ, പരമ്പരാഗത തൊഴിലുകൾ, മതം, കല, ചരിത്രസംഭവങ്ങൾ, കായിക - സാഹസിക മേഖലകൾ, പൈതൃകം തുടങ്ങി സഞ്ചാരികളെ ആകർഷിക്കാൻ സാധിക്കുന്ന എല്ലാം ഉൾപ്പെടുത്തിക്കൊണ്ടായിരിക്കും വിഭവ വിവരശേഖരണം നടത്തുന്നത്.

ഇങ്ങനെ കണ്ടെത്തിയ വിഭവങ്ങളിലൂടെ ടൂറിസം പദ്ധതികൾക്കു മികച്ച ആസൂത്രണത്തോടെ, ശാസ്ത്രീയമായി രൂപം നൽകും. വിവിധ പദ്ധതികൾക്കു രൂപം നൽകുന്നതിനൊപ്പം റോഡുകൾ, കുടിവെള്ളം, മാലിന്യസംസ്കരണം, പ്രാഥമിക സൗകര്യങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ, താമസസൗകര്യം തുടങ്ങി ഒരു ടൂറിസം കേന്ദ്രത്തിന് വേണ്ട അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതുണ്ട്. ഇതുകൂടി പരിഗണിച്ച് പദ്ധതികളുടെ ലിസ്റ്റ് തയാറാക്കുകയും സർക്കാരിൽ നിന്നും സർക്കാരിതര മേഖലകളിൽ നിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള സാധ്യതകളുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കുകയും ചെയ്യുന്നതാണ് പദ്ധതി.

സർക്കാർ, സർക്കാരിതര സംഘടനകൾ, സന്നദ്ധസംഘടനകൾ, സ്വകാര്യ സംരംഭകർ തുടങ്ങിയവരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ സർക്കാർ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഫണ്ടുകൾ പദ്ധതികൾക്കായി ഉപയോഗിക്കാം. അതുപോലെ തന്നെ സ്വകാര്യ സംരംഭകരുമായി ചേർന്ന് പൊതു - സ്വകാര്യ ഉടമസ്ഥതാ മാതൃകയിൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും. സപര്യയുടെ വിശാല ചട്ടക്കൂടിനകത്തു നിന്നുകൊണ്ടുള്ള സ്വകാര്യ സംരംഭകരുടെ ഉദ്യമങ്ങൾക്കും പിന്തുണ നൽകും. ഓരോ പ്രദേശത്തിനും അനുയോജ്യമായ തരത്തിൽ ഇത്തരത്തിലുള്ള വിവിധ മാർഗങ്ങളിലൂടെയായിരിക്കും പദ്ധതികൾ നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയുള്ള നടത്തിപ്പ് സപര്യയ്ക്ക് ജനകീയമുഖവും നൽകുന്നു.

ഇങ്ങനെ നടപ്പിലാക്കുന്ന പദ്ധതികൾക്കു പുറമെ ചെറിയ ചെറിയ ടൂറിസം ഉത്പന്നങ്ങളെ കൂടി കോർത്തിണക്കി പാക്കേജുകളാക്കി അവതരിപ്പിച്ചു കൊണ്ട് സഞ്ചാരികളെ ആകർഷിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടും പാക്കേജുകൾക്കു രൂപം നൽകാവുന്നതാണ്.

കണ്ണൂർ, പത്തനംതിട്ട, കാസർഗോഡ്, കോട്ടയം എന്നീ ജില്ലകളിലെ 35 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ സപര്യ പദ്ധതി നടപ്പിലാക്കുകയാണ്. സംസ്ഥാന സർക്കാർ സ്ഥാപനമായ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേതിക സഹായ ഏജൻസികളായി കണ്ണൂർ, പത്തനംതിട്ട ജില്ലകളിൽ ജിറ്റ്പാക് ഇന്റർനാഷണൽ, കോട്ടയത്ത് സെന്റർ ഫോർ സോഷ്യോ ഇക്കണോമിക് & എൻവയോൺമെന്റൽ സ്റ്റഡീസ്, കാസർഗോഡ് പി.സി.ആർ & അസോസിയേറ്റ്സ് എന്നീ സ്ഥാപനങ്ങളെ ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

# സപര്യയിലൂടെ ഇങ്ങനെയും നേട്ടം

*നാട്ടിൻപുറത്തെ ഒരു കൃഷിയിടത്തിന്റെ കഥയെടുക്കാം. വിവിധയിനം പച്ചക്കറികളും കുരുമുളകും റബറും തെങ്ങുമെല്ലാം ഉൾപ്പെടെ സമ്മിശ്രകൃഷി പരീക്ഷിക്കുന്ന ഒരു തോട്ടം. കേരളത്തിലെ നാട്ടിൻപുറങ്ങളിൽ ഇത്തരം കൃഷിയിടങ്ങൾ നിരവധിയുണ്ട്. ഇത്തരമൊരു തോട്ടത്തിൽ വിദേശ സഞ്ചാരികൾക്കു കാണാൻ കാഴ്ചകൾ ഒട്ടേറെയാണ്. സഞ്ചാരികളെ തോട്ടത്തിലേക്ക് ആകർഷിക്കുവാൻ സാധിച്ചാൽ കർഷകനു കൃഷിയിൽ നിന്നുള്ള ആദായ ത്തിനു പുറമെ ടൂറിസത്തിലൂടെയും ആദായം നേടാം.*

*സപര്യ വിഭാവനം ചെയ്യുന്ന ടൂറിസം പദ്ധതി നടപ്പിലാകുമ്പോൾ അൽപം തയാറെടുപ്പുണ്ടെ ങ്കിൽ നാട്ടിൻപുറങ്ങളിലെ ഇത്തരത്തിലുള്ള കൃഷിയിടങ്ങൾ വരെ വിനോദസഞ്ചാരികളുടെ ഇഷ്ടതാവളമായി മാറ്റാം. വിവിധയിനം പച്ചക്കറികളടെയും കുരുമുളകിന്റെയും റബറിന്റെയു മെല്ലാം കൃഷിരീതികളും വിളവെടുപ്പുമൊക്കെ പരിചയപ്പെടുത്തിക്കൊടുക്കുക മാത്രമാണ് കർഷകൻ ചെയ്യേണ്ടത്. ഇതുവഴി കർഷകന് അധികവരുമാനം ലഭിക്കുകയാണ്. അതും പ്രത്യേക നിക്ഷേപമൊന്നും നടത്താതെ തന്നെ.*

*കൃഷിയിടങ്ങളിലെത്തുന്ന സഞ്ചാരികൾക്ക് ഇളനീർ നൽകാം. അതുമൊരു അധിക വരുമാന മാകും. കൃഷിയിടത്തിൽ വിളയുന്ന കാർഷിക വിളകളിൽ നിന്ന് ഭക്ഷ്യവിഭവങ്ങൾ തയാറാക്കി നൽകിയാൽ അതും വരുമാനമാർഗമാകും. ഇതുപോലെ നാട്ടിൻപുറങ്ങളിലെ കയർപിരിയും പായ് നെയ്ത്തും കൈത്തറിയിലുള്ള നെയ്ത്തും മത്സ്യബന്ധനവുമെല്ലാം സഞ്ചാരികൾക്കു മുമ്പിൽ പ്രദർശിപ്പിക്കാവുന്ന കാര്യങ്ങൾ തന്നെ. ഇവിടെയും നിലവിലുള്ള തൊഴിൽമേഖല യിൽ നിന്ന് അധികവരുമാനം ലഭിക്കുകയാണ്.*

*നാടൻ ഭക്ഷ്യവിഭവങ്ങൾ വിദേശ സഞ്ചാരികൾക്ക് ഏറെ പ്രിയങ്കരമാണ്. പുട്ടും വെള്ളയപ്പവും പാലപ്പവും ഇലയിൽ വിളമ്പുന്ന കേരളീയ സദ്യയുമൊക്കെ സഞ്ചാരികൾക്കായി തയാറാക്കി നൽകാൻ സാധിക്കും. വീട്ടിൽ അത്യാവശ്യ സൗകര്യങ്ങളുണ്ടെങ്കിൽ ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടെ ഹോംസ്റ്റേ സംരംഭം തുടങ്ങി സഞ്ചാരികൾക്കു താമസസൗകര്യവും നൽകാം. തിരുവാതിരയും ഒപ്പനയും മാർഗംകളിയും കഥകളിയുമൊക്കെ വിദേശികൾക്കായി അവതരിപ്പിക്കുന്നതിനുള്ള സാധ്യതയുമുണ്ട്.*

*കേരളം സന്ദർശിക്കുന്നവർ മടങ്ങുമ്പോൾ കേരളത്തിന്റെ ഓർമ സൂക്ഷിക്കുന്നതിനായി സ്മാരകമെന്ന നിലയിൽ പല വസ്തുക്കളും വാങ്ങാറുണ്ട്. കഥകളി രൂപമോ ചീനവല മാതൃകയോ മറ്റു കരകൗശല വസ്തുക്കളോ നിർമിച്ചു നൽകിക്കൊണ്ട് അങ്ങനെയും വരുമാനമുണ്ടാക്കാവുന്നതാണ്.*

*ഇങ്ങനെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന നിരവധി മേഖലകൾ ടൂറിസവുമായി ബന്ധിപ്പിക്കാവുന്നതാണ്. നാട്ടിലെ സാധാരണക്കാർക്കു വരെ ടൂറിസത്തിൽ നിന്നു വരുമാനമുണ്ടാക്കുവാൻ സാധിക്കുന്നു എന്നുള്ളതാണ് ഇതിന്റെ നേട്ടം. ഇവിടെ ടൂറിസം വളർച്ചയുടെ നേട്ടം നേരിട്ട് പ്രദേശത്തുള്ളവരിലേക്ക് എത്തുന്നു. സപര്യ പദ്ധതി യുടെ ഭാഗമായി പ്രദേശത്തെ അടിസ്ഥാനസൗകര്യങ്ങളിലുൾപ്പെടെയുണ്ടാകുന്ന മറ്റു വിക സനം വേറെയും.*

*ഒറ്റപ്പെട്ട പദ്ധതികൾക്കു രൂപം കൊടുക്കുന്നതിനു പകരം ഒരു പ്രദേശത്തെയോ ടൂറിസം കേന്ദ്രത്തെയോ ഒരുമിച്ചു കണ്ടുകൊണ്ട് പദ്ധതികളുടെയും പാക്കേജുകളുടെയും സമഗ്രമായ രൂപകൽപന സപര്യയുടെ പ്രത്യേകതയാണ്. ചുരുക്കത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വ്യത്യസ്തമായൊരു ടൂറിസം വികസന സമീപനം മുന്നോട്ടു വയ്ക്കുന്ന സപര്യ, പുതിയൊരു ടൂറിസം സംസ്കാരത്തിലേക്കുള്ള ചുവടുവയ്പു കൂടിയാണ്.*

kerala
God's Own Country

TRKL
TOURIST RESORTS (KERALA) LTD
(A Government of Kerala Undertaking)
Building God's Own Country